(ജി) റബ്ബറൈസ്ഡ് ടാറിംഗിനുപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ ഗുണ നിലവാരം മെക്കാനിക്കൽ എഞ്ചിനീയർ ഉറപ്പുവരുത്തുന്നു. ടാർ ചെയ്യുമ്പോൾ ടാർ ചൂടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ടെമ്പറേച്ചർ, ടാറിന്റെ അനുപാതം തുടങ്ങിയ പ്രധാന കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓരോ ഘട്ടങ്ങളിലും പരിശോധിക്കുകയും മാർഷൽ സ്റ്റെബിലിറ്റി ടെസ്റ്റ് നടത്തി ഉറപ്പു വരുത്തുകയും ചെയ്യുന്നു.

(എച്ച്) മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ വീഴ്ച വരുത്തുന്ന കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും പേരിൽ നടപടികൾ എടുക്കാൻ മേലുദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള റോഡുകൾ

40 [592] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള റോഡുകൾ ഏതെല്ലാമാണ്;

(ബി) ഈ റോഡുകളിലെ ഹെയർപിൻ കർവുകൾ ഈസ് ചെയ്യുന്നതിനും അവ വികസിപ്പിക്കുന്നതിനും എന്തെങ്കിലും പരിപാടിയുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഘട്ടം ഘട്ടമായെങ്കിലും ഈ റോഡുകളുടെ വികസനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള പ്രധാനപ്പെട്ട റോഡുകൾ താഴെപ്പറയുന്നവയാണ്:

1. എൻ. എച്ച്. 212
2. കണ്ണൂർ-മാനന്തവാടി റോഡ്
3. കുറ്റ്യാടി-മാനന്തവാടി റോഡ്
4. കോഴിക്കോട്-വൈത്തിരി-മാനന്തവാടി റോഡ്

(ബി, സി) എൻ. എച്ച്-212-ൽ കി. മീ. 55/00 മുതൽ കി. മീ. 57/000 വരെ രണ്ടു വരിപ്പാതയായി വീതി കൂട്ടാനും കി. മീ. 49/500നും 50/000 നും ഇടയ്ക്കുള്ള ഹെയർപിൻ വളവുകളിൽ പ്രീകാസ്റ്റ് സിമന്റ് ബ്ലോക്ക് പാകുന്നതിനുമുള്ള ജോലി നടന്നുവരുന്നു. ഘട്ടം ഘട്ടമായി ഈ റോഡിന്റെ വികസനത്തിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. മറ്റു മൂന്ന് റോഡുകളുടെ വികസനത്തിന് ഇപ്പോൾ നടപടികളൊന്നും പരിഗണനയിലില്ല. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly